MONDAY 12/05/2025 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Haripriya Devi VV (I/C)

Editor : Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/05/2025

1. കേരള സർക്കാരിൻ്റെ കൃഷിവകുപ്പ്, ആലപ്പുഴയിലെ സമുദ്രനിരപ്പിന് താഴെയുള്ള കൃഷിക്കായുള്ള ഇൻ്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെൻ്റർ ഡയറക്ടർ / ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (CEO) തസ്തികയിലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു . കേരള സർക്കാരിൻ്റെ കൃഷി വകുപ്പിൻ്റെ കീഴിൽ 2014-ൽ ആരംഭിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് സമുദ്രനിരപ്പിന് താഴെയുള്ള കൃഷിക്കായുള്ള ഇൻ്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെൻ്റർ. തീരദേശ തണ്ണീർത്തടങ്ങളിൽ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്ന പങ്കാളിത്ത ഗവേഷണവും ആശയവിനിമയ സംവിധാനവും സുഗമമാക്കുക, പുതിയ കൃഷിരീതികൾ വികസിപ്പിക്കുക, ജൈവവൈവിധ്യ സംരക്ഷണം, കള, കീട നിയന്ത്രണം, അനുയോജ്യമായ മത്സ്യബന്ധനവും വികസിപ്പിക്കുക, കാലാവസ്ഥാ വ്യതിയാന നിരീക്ഷണം, എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. യോഗ്യത സീനിയർ അക്കാദമിക് സയന്റിസ്റ്റ്, ബയോളജിക്കൽ സയൻസസ്, കൃഷി ശാസ്ത്രം, അനിമൽ സയൻസ്, ഫിഷറീസ് സയൻസ്, എർത്ത് സയൻസ്, ബയോടെക്നോളജി സോയിൽ ആൻഡ് വാട്ടർ എൻജിനീയറിങ് എന്നീ തലത്തിൽ 20 വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കണം. പി എച്ച് ഡി യോഗ്യതയും ഉണ്ടായിരിക്കണം. മൂന്നുവർഷത്തേക്കാണ് നിയമനം. പ്രായം 65 വയസ്സിന് താഴെ. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ബയോഡേറ്റ സഹിതം അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, ഗവൺമെന്റ് ഓഫ് കേരള, സെക്രട്ടറിയേറ്റ് അനെക്സ്, സ്റ്റാച്യു പി ഒ തിരുവനന്തപുരം എന്ന വിലാസത്തിൽ 2025 മെയ് 15ന് 3:00 മണിക്ക് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. ക്ഷീരരംഗത്തെ കുടുംബങ്ങൾക്ക് സുരക്ഷയും സ്ഥിരതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 2016 മുതൽ നടപ്പാക്കുന്ന കന്നുകാലി ഇൻഷുറൻസ് പദ്ധതിയാണ് ഗോസമൃദ്ധി. പ്രതിദിനം കുറഞ്ഞത് ഏഴ് ലിറ്റർ പാൽ ഉൽപ്പാദന ശേഷിയുള്ള രണ്ട് മുതൽ 10 വയസ്സു വരെ പ്രായമുള്ള പശുക്കളെയും എരുമകളെയും ഗർഭാവസ്ഥയുടെ അവസാന മൂന്ന് മാസത്തിലുള്ള പശുക്കളെയും ഏഴ് മാസത്തിൽ കൂടുതൽ ഗർഭാവസ്ഥയിലുള്ള കറവ വറ്റിയ ഉരുക്കളെയും പദ്ധതിയിൽ ഉൾപ്പെടുത്താം.കന്നുകാലികളെ ഒന്ന്, മൂന്ന് വർഷത്തേക്ക് ഇൻഷുറൻസ് ചെയ്യാം. കന്നുകാലികളുടെ മരണം, ഉൽപാദനക്ഷമത നഷ്ടപ്പെടൽ, കർഷകൻ്റെ മരണം എന്നിവയ്ക്കാണ് പരിരക്ഷ ലഭിക്കുക. 65,000 രൂപ വരെ മതിപ്പ് വിലയുള്ള ഉരുവിന് ഒരു വർഷ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 1,356 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 774 രൂപയുമാണ് വിഹിതം. മൂന്ന് വർഷ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 3,319 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 1,892 രൂപയുമാണ് വിഹിതം. 100 രൂപ പ്രീമിയത്തിൽ ഉടമകൾക്ക് അപകട മരണ ഇൻഷുറൻസ് പരിരക്ഷക്കും അർഹതയുണ്ടാകും. പരമാവധി അഞ്ച് ലക്ഷം രൂപയാണ് വ്യക്തിഗത അപകട പരിരക്ഷ. അതത് തദ്ദേശസ്ഥാപനങ്ങളിലെ വെറ്ററിനറി ആശുപത്രിയുമായി ബന്ധപ്പെട്ട് പദ്ധതിയിൽ അംഗമാകാം.

3. കാർഷിക സ്റ്റാർട്ടപ്പുകൾക്കായി പുതിയ ആശയങ്ങളുണ്ടെങ്കിൽ മണ്ണുത്തി കാർഷിക സർവകലാശാലയിലെ അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മാർഗനിർദേശവും പരിശീലനവും നൽകും. ഇതോടൊപ്പം 25 ലക്ഷം രൂപ വരെ ധനസഹായവും ലഭിക്കും. പുതുമയുള്ള ആശയമുള്ളവർക്കു സുവർണാവസരമാണ് ഈ പദ്ധതിയിലൂടെ തുറന്നു കിട്ടുന്നത്. കൂടുതൽ വിവരങ്ങൾക്ക്: ഡോ. കെ.പി. സുധീർ, അഗ്രി ബിസിനസ്

ഇൻക്യുബേറ്റർ മേധാവി rabi@kau.in കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ ഫോൺ നമ്പർ. 9778436265/ 0487 243 8332/ 8330801782/ 9496108185, e -mail: rabi@kau.in

4. കുമിൾരോഗങ്ങൾമൂലം ഇലകൾ നഷ്ടപ്പെടുന്നത് റബ്ബർതോട്ടങ്ങളിൽ 30 ശതമാനത്തിലധികം ഉത്പാദനനഷ്ടം ഉണ്ടാക്കുന്നതായി കണക്കാക്കുന്നു. മഴക്കാലത്താണ് കുമിൾരോഗങ്ങൾ കൂടുതലായി ബാധിക്കുന്നത്. ഈ വർഷം വേനൽമഴ കൂടുതലായി ലഭിക്കുന്നത് കുമിൾരോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യത കൂട്ടും. അതുകൊണ്ട് റബ്ബർകർഷകർ മഴക്കാലത്തിനു മുമ്പുതന്നെ മരുന്നുതളി നടത്താൻ പ്രത്യേകം ശ്രദ്ധിക്കണം. പ്രതിരോധനടപടിയായി മരുന്നുതളിക്കുന്നത് മഴക്കാലത്ത് ഇലകൾക്ക് കുമിൾരോഗങ്ങളിൽ നിന്ന് സംരക്ഷണം നൽകും. കേരളത്തിൽ സാധാരണമായി മഴക്കാലം തുടങ്ങുന്നത് ജൂൺ മാസത്തിൽ ആയതിനാൽ മെയ് മാസത്തിൽ തന്നെ മരുന്നുതളി നടത്താൻ പ്രത്യകം ശ്രദ്ധിക്കണം. ചെറുകിടകർഷകർക്ക് തങ്ങളുടെ തോട്ടത്തിൽ മരുന്നുതളി നടത്തുന്നതിനായി റബ്ബർബോർഡ് ഹെക്ടർ പ്രതി 4000 രൂപയുടെ സാമ്പത്തികസഹായം റബ്ബറുത്പാദകസംഘങ്ങളിലൂടെ നൽകുന്നുണ്ട്. കൃത്യ സമയത്തുതന്നെ മരുന്നുതളി നടത്തി ഈ ആനുകൂല്യം കൈപ്പറ്റാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് - റബ്ബർബോർഡ് കോൾസെന്ററർ ഫോൺ - 0481 2576622 ഡോ. ഷാജി ഫിലിപ്പ് - ഫോൺ 9446386838, എഡ്വിൻ പ്രേം - ഫോൺ 9447568030

5. കേരള മൃഗസംരക്ഷണ വകുപ്പ് ക്ഷീര കർഷകർക്കായി കറവ പശുക്കൾക്ക് സബ്സിഡി നിരക്കിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. 65,000 രൂപ വിലയുള്ള ഉരുക്കൾക്ക് ഒരു വർഷ പ്രീമിയം 2,912 രൂപയിൽ ജനറൽ വിഭാഗം കർഷകർ 1,356 രൂപയും എസ് സി, എസ് ടി വിഭാഗം കർഷകർ 774 രൂപയും 3 വർഷ ഇൻഷ്വറൻസ് പരിരക്ഷക്ക് 7,136 രൂപ പ്രീമിയത്തിൽ ജനറൽ വിഭാഗം കർഷകർ 3,318 രൂപയും എസ്

സി, എസ് ടി വിഭാഗം കർഷകർ 1,890 രൂപയും അടക്കണം. കൂടുതൽ വിവരങ്ങൾക്ക് കർഷകർ അതത് സ്ഥലത്തെ വെറ്ററിനറി സ്ഥാപനങ്ങളുമായി നേരിട്ടോ അല്ലെങ്കിൽ cruekm.ahd@kerala.gov.in വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം